www.cdit.org
CENTRE FOR DEVELOPMENT OF IMAGING TECHNOLOGY (C-DIT)
Chitranjali Hills, Thiruvallam P.O., Thiruvananthapuram - 695 027

No. 54/A3/Pur/C-DIT/2024 22.05.2024

# ദർഘാസുകൾ ക്ഷണിക്കുന്നു

സി-ഡിറ്റിന്റെ തിരുവല്ലം ക്യാമ്പസ്സിൽ സൂക്ഷിച്ചിട്ടുള്ള പഴയതും ഉപയോഗശൂന്യമായ തുമായ ഇ-വേസ്റ്റ് ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് ഉപകരണങ്ങൾ (കമ്പ്യൂട്ടർ ഹാർഡ്‌വേറുകൾ, പ്രിന്ററുകൾ , യു പി എസ്, ടി വി , മോണിറ്ററുകൾ , ബാറ്ററികൾ മുതലായ ഉപകരണങ്ങൾ) **സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ/കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ രെജിസ്ട്രേഷൻ ഉള്ള ഏജൻസികളിൽ നിന്നും** സീൽ ചെയ്ത ദർഘാസുകൾ/ക്വാട്ടേഷൻ സ്വീകരിച്ചുകൊണ്ട് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| | |
|---|---|
| ക്വാട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | **സി-ഡിറ്റ് ഹെഡ് ഓഫീസ്, തിരുവല്ലം, തിരുവനന്തപുരം** |
| ക്വാട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയതി | **29.05.2024** |
| സമയം | **3. 00 PM** |
| നിരത ദ്രവ്യം | **10,000 രൂപ** |

## നിബന്ധനകൾ

1) ക്വട്ടേഷനോടൊപ്പം താഴെപറയുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

**a)** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ / കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ രെജിസ്ട്രേഷൻ / ലൈസൻസ് /അംഗീകാരം/ ഇടപാടിനുള്ള അനുമതി.

**b)** GST രെജിസ്ട്രേഷൻ പകർപ്പ് .( ബാധകമെങ്കിൽ)

**c)** PAN Card പകർപ്പ്.

**d)** ക്വട്ടേഷണറുടേയോ അവരുടെ പ്രതിനിധികളുടെയോ സ്വയം സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (AADHAR card/PAN card/Driving License etc).

2) ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ക്വട്ടേഷൻ തുക രേഖപ്പെടുത്തിയ കവറിനു പുറത്തു **"സിഡിറ്റിലെ തിരുവല്ലം ക്യാമ്പസ്സിൽ സൂക്ഷിച്ചിട്ടുള്ള ഇ-വേസ്റ്റ് വസ്തുക്കളുടെ ക്വട്ടേഷൻ"** എന്നു രേഖപ്പെടുത്തിയിരിക്കണം. കൂടാതെ ലേലത്തിൽ പകെടുക്കുന്ന വ്യക്തിയുടെ പൂർണ്ണമായ പേര്, മേൽവിലാസം, മൊബൈൽ നമ്പർ തുടങ്ങിയവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

3) കോട്ടേഷനോടൊപ്പം **Registrar, C-DIT ന്റെ** പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ മാറാവുന്ന **10,000/- രൂപയുടെ ( പതിനായിരം രൂപ )നിരതദ്രവ്യം DD യായി ഉള്ളടക്കം ചെയ്യേണ്ടതാണ്.** നിരതദ്രവ്യം അടച്ച രസീത് തനതു കവറിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

4) നിരതദ്രവ്യം അടയ്ക്കാത്ത ക്വാട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.

5) കോട്ടേഷനുകൾ രജിസ്ട്രാർ, സിഡിറ്റ് എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനെയോ എത്തിയ്ക്കാവുന്നതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന കൊട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

6) ലഭിക്കുന്ന കോട്ടേഷനുകൾ **29.05.2024 ഉച്ചയ്ക്ക് 3.30** മണിക്ക് കോട്ടേഷണറുടേയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

7) **ലേലം തത്ക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/ ഏജൻസി ലേലത്തുകയുടെ 50% അന്നേദിവസം 4 മണിക്ക് മുൻപായി സി-ഡിറ്റിന്റെ മെയിൻ അക്കൗണ്ട്സിൽ അടക്കേണ്ടതാണ്.**

8) ലേലം സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ 5 ദിവസത്തിനകം നിരതദ്രവ്യം കഴിച്ച് ബാക്കി തുക മുഴുവനായി ഒടുക്കി ലേല വസ്തുവിനെ ക്യാമ്പസ്സിൽ നിന്ന് സ്വന്തം ചിലവിൽ പൂർണ്ണമായി നീക്കം ചെയ്യേണ്ടതാണ്.

9) ലേലം സ്ഥിരപ്പെടുന്ന വ്യക്തി /ഏജൻസി പരിസ്ഥിതി സൗഹൃദ രീതികൾ നിർബന്ധമായും പാലിച്ചുകൊണ്ട് ഇ-വേസ്റ്റ് സാമഗ്രികൾ സിഡിറ്റ് ക്യാമ്പസ്സിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

10) ലേലം സ്ഥിരപ്പെടുന്ന വ്യക്തി /ഏജൻസി ഇ-വേസ്റ്റ് സാമഗ്രികൾ സിഡിറ്റ് ക്യാമ്പസ്സിൽ നിന്നും കൊണ്ടുപോകുമ്പോഴും നീക്കം ചെയ്യുമ്പോഴും മൂന്നാം കക്ഷിക്ക് ഉണ്ടാകുന്ന എന്തെങ്കിലും നാശനഷ്ടങ്ങൾക്ക് സിഡിറ്റ് യാതൊരു കാരണവശാലും ഉത്തരവാദി ആയിരിക്കില്ല.

11) ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരത ദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻ തുകയും സി-ഡിറ്റിലേക്ക് മുതൽ കൂട്ടുന്നതാണ്.

12) ലേല നടപടികൾ യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സി-ഡിറ്റ് രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ **0471-2380910/912** എന്നീ ഫോൺ നമ്പറുകളിൽ നിന്ന് അറിയാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് **22.05.2024 മുതൽ എല്ലാ പ്രവൃത്തി ദിവസവും പകൽ 11 മണി മുതൽ 4 മണി വരെ** സ്ഥലം സന്ദർശിച്ച് പട്ടികയിൽ കാണിച്ചിരിക്കുന്ന ഉപയോഗശൂന്യമായ ഇ-വേസ്റ്റ് ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് ഉപകരണങ്ങൾ പരിശോധിക്കാവുന്നതാണ്..

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**